പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 361 12.06.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ കടം ലഘൂകരിക്കുവാൻ നടപടികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള ആസ്തി എത്രയെന്നും കടബാധ്യത എത്രയെന്നും വിശദമാക്കുമോ ; | (എ) 2010-11-ലെ ആഡിറ്റ് പൂർത്തിയായ കണക്കു പ്രകാരം ബോർഡിന്റെ ഫിക്സഡ് അസറ്റുകളുടെ അറ്റ ആസ്തി (തേയ്മാനം കഴിഞ്ഞ്) 6362.14 കോടി രൂപയാണ്.<br>2010-11-ലെ ആഡിറ്റ് പൂർത്തിയായ കണക്കു പ്രകാരം മൂലധന വായ്പ (ക്യാപിറ്റൽ ലയബിലിറ്റീസ്) 1066.50 കോടി രൂപയും വർക്കിംഗ് ക്യാപിറ്റലിനു വേണ്ടിയുള്ള വായ്പ 317.63 കോടി രൂപയുമാണ്. 2011-12 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. |
| (ബി) കെ. എസ്. ഇ. ബി. യുടെ കടം ലഘൂകരിക്കുവാൻ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും വിശദമാക്കുമോ ; | (ബി) വൈദ്യുതി ബോർഡ് വിവിധ ബാങ്കുകളിൽ നിന്നും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, പവർ ഫിനാൻസ് കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പകൾ സ്വീകരിച്ചിട്ടുള്ളത്. 2010-11 സാമ്പത്തിക വർഷാവസാനത്തിൽ ആഡിറ്റ് ചെയ്ത കണക്കു പ്രകാരം ബോർഡിന്റെ മൂലധന വായ്പ 1066.50 കോടി രൂപയും വർക്കിംഗ് ക്യാപിറ്റലിനു വേണ്ടിയുള്ള വായ്പ 317.63 കോടി രൂപയുമാണ്. 2010-11 വർഷത്തിൽ ബോർഡിന് വായ്പയുടെ പലിശയിനത്തിൽ 156.63 കോടി രൂപ ചെലവായിട്ടുണ്ട്. |
| (സി) ഇപ്പോൾ ബോർഡിന് വന്നിട്ടുള്ള കടം ലഘൂകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വൈദ്യുതി വാങ്ങുന്ന വിലയിലും മറ്റു ചെലവുകളിലും കാലാകാലങ്ങളായുണ്ടായ വർദ്ധനവിനനുസൃതമായി വൈദ്യുതി താരിഫ് വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ബോർഡിന്റെ കടബാധ്യത ലഘൂകരിക്കപ്പെടുന്നതാണ്. താരിഫ് വർദ്ധനവിനായി ബോർഡ് സമർപ്പിച്ച അപേക്ഷ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.